ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 24.01.2026**

## പ്രധാനവാർത്തകൾ

1. രാജ്യത്തെ യുവാക്കൾക്ക് ഇന്ത്യയിലും വിദേശത്തും തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കേന്ദ്ര സർക്കാർ പരിശ്രമിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി; 18 -ാമത് ദേശീയ തല റോസ്ഗർ മേളയുടെ ഭാഗമായി 61 ആയിരം പേർക്ക് നിയമന പത്രം വിതരണം ചെയ്തു.

2. തിരുവനന്തപുരത്ത് പള്ളിപ്പുറം സി ആർ പി എഫ് ഗ്രൂപ്പ് സെൻററിൽ നടന്ന തൊഴിൽ മേള കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി ഉദ്ഘാടനം ചെയ്തു. 272 പേർ നിയമന പത്രം സ്വീകരിച്ചു.

3. വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണോദ്ഘാടനം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും; കേന്ദ്ര തുറമുഖവകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യതിഥിയാകും.

4. പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാതിൻറെ 130 ാാം പതിപ്പ് നാളെ. ആകാശവാണിയുടെയും ദൂരദർശൻറെയും എല്ലാ ശൃംഖലകളിലും പരിപാടി കേൾക്കാം.

RNU TVPM

5. ഇന്ന് ദേശീയ ബാലികാ ദിനം. പെൺകുട്ടികൾക്ക് മികച്ച വിദ്യാഭ്യാസത്തോടൊപ്പം ആത്മവിശ്വാസവും നൽകണമെന്ന് മന്ത്രി വി. ശിവൻകുട്ടി

6. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ബെംഗളൂരു റോയൽ ചലഞ്ചേഴ്സ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും; സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരള - റെയിൽവേ മത്സരം സമനിലയിൽ.

## പ്രധാനമന്ത്രി - റോസ്ഗർമേള (ഇൻട്രോ)

രാജ്യത്തെ യുവാക്കൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തും തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കേന്ദ്ര സർക്കാർ പരിശ്രമിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇതിൻറെ ഭാഗമായി വിവിധ രാജ്യങ്ങളുമായി വ്യാപാര ക്കരാറുകളിൽ ഉൾപ്പെടെ ഏർപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. 18-ാമത് റോസ്ഗർ മേളയുടെ ഭാഗമായി അറുപത്തിയോരായിരത്തിലധികം പേർക്കുള്ള നിയമന കത്തുകൾ വീഡിയോ കോൺഫറൻസിംഗിലൂടെ വിതരണം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി നരേന്ദ്ര മോദി.

(വോയ്സ്)

## സുരേഷ് ഗോപി - റോസ്ഗർമേള

ദേശീയ തല റോസ്ഗാർ മേളയുടെ ഭാഗമായി തിരുവനന്തപുരം പള്ളിപ്പുറം സിആർപിഎഫ് ഗ്രൂപ്പ് സെൻററിൽ സംഘടിപ്പിച്ച തൊഴിൽ മേള കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. ഇന്ന് ലഭിക്കുന്ന നിയമനത്തിലൂടെ യുവാക്കളുടെ ഭാവി സുരക്ഷിതമാകുക മാത്രമല്ല, രാജ്യത്തോടുള്ള ഒരു ഉത്തരവാദിത്തം അവർ ഏറ്റെടുക്കുക കൂടെയാണെന്ന് ശ്രീ സുരേഷ് ഗോപി പറഞ്ഞു. വിവിധ കേന്ദ്ര സർക്കാർ,

പൊതുമേഖലാ വകുപ്പുകളിൽ നിയമനം ലഭിച്ച 272 ഉദ്യോഗാർത്ഥി കൾക്ക് കേന്ദ്ര സഹമന്ത്രി നിയമന ഉത്തരവ് കൈമാറി.

❁❁❁❁❁❁❁❁❁❁❁❁❁

## വിഴിഞ്ഞം-രണ്ടാം ഘട്ടം

വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണ ഉദ്ഘാടനം ഇന്ന് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ചടങ്ങിൽ കേന്ദ്ര തുറമുഖവകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യതിഥിയാകും. തുറമുഖത്തു നിന്ന് ഇറക്കുമതിയും കയറ്റുമതിയും സാധ്യമാക്കുന്ന എക്സിം കാർഗോ സേവനങ്ങളുടെയും ദേശീയപാത ബൈപാസിലേയ്ക്ക് നിർമ്മിച്ച പുതിയ പോർട്ട് റോഡിന്റെയും ഉദ്ഘാടനവും ചടങ്ങിനോട് അനുബന്ധിച്ചു നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## മുഖ്യമന്ത്രി ഉത്ഘാടനം (ഇൻട്രോ)

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി മികച്ച തൊഴിലിടങ്ങൾ സൃഷ്ടിക്കുന്നതിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. വിവിധ ജില്ലകളിൽ പൂർത്തിയാക്കിയ പോലീസ് മന്ദിരങ്ങളുടെ ഉത്ഘാടനവും ശിലാസ്ഥാപനവും തൈക്കാട് പോലീസ് ട്രെയിനിങ് കോളേജിൽ നടന്ന ചടങ്ങിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. എല്ലാ പോലീസ് സ്റ്റേഷനുകളും ജനസൗഹൃദപരമായാണ് രൂപകൽപന ചെയ്തിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

❁❁❁❁❁❁❁❁❁❁❁❁❁

## മന്ത്രി ശിവൻകുട്ടി

ഇന്ന് ദേശീയ ബാലികാദിനം. പെൺകുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പാക്കുന്നതോടൊപ്പം അവരുടെ കലാ-കായിക കഴിവുകൾ പരിപോഷിപ്പിക്കാനും, ആത്മവിശ്വാസമുള്ള വരായി വളർത്താനും അധ്യാപകർക്കും രക്ഷിതാക്കൾക്കും കഴിയണ മെന്ന് മന്ത്രി വി.

PRD TVPM

ശിവൻകുട്ടി. കരമന ഗവ.ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന സുവർണ്ണ ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യുക യായിരുന്നു അദ്ദേഹം. കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖല ലോകത്തിന് മാതൃകയായി മാറിക്കൊണ്ടിരിക്കുകയാണെന്നും ഹൈടെക് ക്ലാസ് മുറികളും, അത്യാധുനിക സൗകര്യങ്ങളും ഒരുക്കിയതിലൂടെ സർക്കാർ സ്കൂളുകൾ മാറ്റത്തിന്റെ പാതയിലാണെന്നും മന്ത്രി പറഞ്ഞു.

## റിപ്പബ്ലിക് ദിനം

77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. ജനുവരി 26 ന് കർത്തവ്യപഥിൽ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും. യൂറോപ്യൻ കൗൺസിൽ പ്രസിഡൻറ് അൻറോണിയോ കോസ്റ്റയും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെയറും റിപ്പബ്ലിക് ദിനാഘോഷങ്ങളിൽ മുഖ്യാതിഥികളാകും. സംസ്ഥാനത്തെ റിപ്പബ്ലിക് ദിനാഘോഷവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് രാവിലെ 9ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ദേശീയ പതാക ഉയർത്തും. ജില്ലാ ആസ്ഥാന ങ്ങളിൽ മന്ത്രിമാർ പതാക ഉയർത്തും.

RNU TVPM

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ രാവിലെ 11 ന്. പരിപാടിയുടെ 130 -ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശൻറെയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും.

## SIR-കേരളം

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. പട്ടികയിൻ മേലുള്ള പരാതികൾ ഈ

മാസം 30 വരെ സമർപ്പിക്കാം. കരട് എസ്ഐആർ റോളിൽ നിന്ന് പേരുകൾ ഒഴിവാക്കപ്പെട്ടവരും, പുതിയ അപേക്ഷകരും ഫോം 6 ഉപയോഗിച്ച് അപേക്ഷിക്കണം.

❁❁❁❁❁❁❁❁❁❁❁❁❁

## പ്രത്യേക ചർച്ച

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യും. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. ആത്മനിർഭർ ഭാരതിനെ കുറിച്ച് ഇന്ന് രാത്രി 11 മണിക്ക് പ്രക്ഷേപണം ചെയ്യുന്ന പരിപാടിയിൽ സാമ്പത്തിക വിദഗ്ധ പ്രൊഫ. മേരി ജോർജ്ജ് സംസാരിക്കും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ൻറെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് (ഇൻട്രോ)

കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് കാസറഗോഡ് ജില്ലാ സമ്മേളനം നാളെയും മറ്റന്നാളുമായി കാഞ്ഞങ്ങാട് മടിക്കയിൽ നടക്കും. 25 ന് രാവിലെ കേന്ദ്ര സർവകലാശാല സ്കൂൾ ഓഫ് മെഡിസിൻ വിഭാഗം ഡീൻ പ്രൊഫസർ മാത്യു ജോർജ് ഉത്ഘാടനം ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസറഗോഡ് ജില്ലാ പ്രതിനിധി പി. ജഗന്നിവാസൻ.**
**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

## വനിതാ ക്രിക്കറ്റ്

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ബെംഗളൂരു റോയൽ ചലഞ്ചേഴ്സ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും. വൈകിട്ട് 7.30 ന് വഡോദരയിലാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁

## സന്തോഷ് ട്രോഫി

അസമിൽ നടക്കുന്ന 79 ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ഇന്ന് നടന്ന കേരള - റെയിൽവേ മത്സരം സമനിലയിൽ അവസാനിച്ചു. ഗ്രൂപ്പ് ബി മത്സരത്തിൻറെ ആദ്യ പകുതിയിൽ കേരളം ഒരു ഗോളിന് മുന്നിട്ട് നിന്നെങ്കിലും രണ്ടാം പകുതിയിൽ റെയിൽവേ തിരിച്ചടിക്കുകയായിരുന്നു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## സ്വർണ്ണവില

സ്വർണ വിലയിൽ വർധന .പവന് ആയിരത്തി 80 രൂപ വർധിച്ച് ഒരു ലക്ഷത്തി പതിനാറായിരത്തി 320 രൂപയും,ഗ്രാമിന് പതിനാലായിരത്തി 540 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁❁

## ആകാശമിഠായി

വൈക്കം മുഹമ്മദ് ബഷീർ സ്മാരകം 'ആകാശമിഠായി' ഇന്ന് നാടിന് സമർപ്പിക്കും. ബേപ്പൂർ ബിസി റോഡിലുള്ള സ്മാരകത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ് നിർവഹിക്കും. വൈകിട്ട് അഞ്ചിന് നടക്കുന്ന ചടങ്ങിൽ കോർപ്പറേഷൻ

മേയർ ഒ സദാശിവൻ അധ്യക്ഷനാകും. കോർപ്പറേഷന്റെ ഉടമസ്ഥത യിലുള്ള സ്ഥലത്ത് ടൂറിസം വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 10.07 കോടി രൂപയുടെ പദ്ധതിയാണ് ഒന്നാംഘട്ടത്തിൽ പൂർത്തിയാക്കിയത്.

## രാഹുൽ മാങ്കൂട്ടത്തിൽ ജാമ്യാപേക്ഷ

മൂന്നാമത്തെ ലൈംഗികാരോപണ കേസിൽ രാഹുൽ മാങ്കൂട്ടത്തിലിൻ്റെ ജാമ്യാപേക്ഷയിൽ വിധി പറയുന്നത് ഈ മാസം 28 ലേക്ക് മാറ്റി. രാഹുലും പരാതിക്കാരിയും തമ്മിൽ നടന്നതായി പറഞ്ഞ് പ്രതിഭാഗം ഹാജരാക്കിയ ശബ്ദ ശകലം ശാസ്ത്രീയ പരിശോധനക്ക് വിധേയമാക്കണ മെന്ന പ്രോസിക്യൂഷൻ്റെ ആവശ്യം കണക്കിലെടുത്താണ് കോടതി കേസ് മാറ്റി വച്ചത്.

## ഹൈസ്പീഡ് ട്രെയിൻ

കേരളത്തിൽ അതിവേഗ ട്രെയിൻ വിഭാവനം ചെയ്യുന്നതായും ഇതുമായി ബന്ധപ്പെട്ട പ്രഖ്യാപനം റെയിൽവേ 15 ദിവസത്തിനകം നടത്തുമെന്നും മെട്രോമാൻ ഇ. ശ്രീധരൻ. തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള പാതയിൽ മണിക്കൂറിൽ 200 കിലോമീറ്റർ വേഗതയിലാണ് ട്രെയിൻ സർവീസ് നടത്തുക. 22 സ്റ്റേഷനുകൾ ഉണ്ടാകും. തിരുവനന്തപുരം, നെടുമ്പാശ്ശേരി, കരിപ്പൂർ വിമാനത്താതാവളങ്ങളെ ബന്ധിപ്പിക്കും. 86,000 കോടി രൂപയാണ് ചിലവ്. ഇതിനുള്ള ഡി പി ആർ 9 മാസത്തിനകം പൂർത്തിയാക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇതിനായി പൊന്നാനിയിൽ ഓഫീസ് സജ്ജമാക്കുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു.

RNU TVPM